# ഗവ എൽ പി സ്കൂൾ അയ്യപ്പൻകോവിൽ

## മികവിലേക്കൊരു മാർഗ്ഗരേഖ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂൾ കോഡ് - **30201**

## ആമുഖം

സ്കൂളിലെ മുഴുവൻ കുട്ടികളുടെയും സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്,വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായി പ്രതികരണങ്ങൾ ,ശില്പശാല ,സംയുക്ത ഡയറി ,സചിത്ര പാഠപുSS സ്തകം ,സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടി നേട്ടം കൈവരിക്കേണ്ടതുണ്ട്.അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്.അക്കാദമി മാസ്റ്റർ പ്ലാൻ വഴി ഭാഷ ,ഗണിതം, ഇംഗ്ലീഷ് എന്നിവയുടെ വിവിധതര പ്രവർത്തനങ്ങൾ കുട്ടി സ്വയമാക്കണം .എന്നതുകൂടി മുൻകൂട്ടി കണ്ടുകൊണ്ട് ഓരോ മാസവും വികാരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകയും ഇറങ്ങിച്ചെല്ലുന്നു .സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അധ്യാപക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.വർഷത്തിൽ കുട്ടി ,രക്ഷിതാവ്,അധ്യാപകർ ,മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലഘട്ടങ്ങളിൽ നടപ്പിലാക്കേണ്ടതും സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് വിലയിരുത്തലിന് ഒരുക്കിയിരിക്കുന്നത്.

ജി .എൽ .പി .എസ് അയ്യപ്പൻകോവിൽ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെയും മികവുറ്റതാക്കാൻ തരത്തിലുള്ള പ്രവർത്തനങ്ങളാണ് താഴെ ചേർക്കുന്നത്. അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എൽ പി സ്കൂൾ ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച പ്രൈമറി വിദ്യാലയമാണ്.ഗവൺമെന്റ് മോഡൽ പ്രീ പ്രൈമറിയും ഇതോടൊപ്പം പ്രവർത്തിക്കുന്നു.

## ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യം
- സ്കൂൾ ചരിത്രം
- ഭൗതിക സാഹചര്യം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങളിൽ
- വിദ്യാലയ ദർശനം
- മോണിട്ടറിംഗ്
- ഉപസംഹാരം

# പൊതുലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.
- പ്രദേശത്തെ മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലേക്ക് ആകർഷിക്ക ത്തക്കവിധത്തിൽ ഭൗതികസഹചര്യങ്ങളും അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളും ക്രമീകരിക്കും.
- ജൈവവൈവിധ്യപാർക്ക്, ശലഭപാർക്ക്, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമാണത്തിലൂടെയും പരിചരണത്തിലൂടെയും വിദ്യാലയ പരിസരം ബോധന വേദിയാക്കി മാറ്റുക.
- ക്ലാസ്സ് ലൈബ്രറി ഉപയോഗം, മലയാളത്തിളക്കം, ശ്രദ്ധ, അമ്മ വായന, ഭാഷ ക്ലാസുകൾ എന്നിവയിലൂടെ മാതൃഭാഷ ഉപയോഗത്തിൽ, എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക.
- സ്കൂളിലെ സൗകര്യങ്ങൾ പൊതുസമൂഹത്തിനും ഉപയോഗിക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുക വഴി സാമൂഹ്യ പങ്കാളിത്തവും സേവനവും ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗാത്മക രചനകൾക്ക് പരമാവധി അവസരങ്ങൾ ഉറപ്പാക്കുകയും അവരുടെ ചിന്തകളെ അച്ചടിച്ച് പ്രസിദ്ധീകരിച്ച് അവരിൽ ആത്മവിശ്വാസം വർധിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കഥകൾ, കവിതകൾ, സ്കിറ്റ് എന്നിവ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ആവർത്തിച്ച് കേൾക്കുവാനും കാണുവാനും അവസരമൊരുക്കി ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.
- പൂന്തോട്ട നിർമ്മാണം, ഗണിതലാബിലേക്കുള്ള ബോധന സാമഗ്രികൾ തയ്യാറാക്കൽ, ഗണിതമൂല ക്രമീകരിക്കൽ, പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ, പാഠപുസ്തക പ്രവർത്തനങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കി ഗണിതപഠനം ആസ്വാദ്യകരമാക്കുക.

* പരിസരനിരീക്ഷണം, വാനനിരീക്ഷണം, പരീക്ഷണങ്ങളിൽ ഏർപ്പെടൽ എന്നിവയിലൂടെ ശാസ്ത്രപഠനരീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.
* പഠനയാത്രകളിലൂടെ കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുകയും, പ്രകൃതി വിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും പരിപോഷിപ്പിക്കുവാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.
* പ്രാദേശിക പി.ടി.എ ക്ലാസ്, പി.ടി.എ ഭവനസന്ദർശനം, വിഭവസമാഹരണം പഠനയാത്രകൾ, മറ്റു സമൂഹസമ്പർക്ക പരിപാടികൾ എന്നിവയിലൂടെ സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക.
* മികവുത്സങ്ങൾ, ഇംഗ്ലീഷ്ഡേ, വാർഷികാഘോഷ പരിപാടികൾ കുട്ടികൾക്ക് അവസരമൊരുക്കുക വഴി സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക.
* ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട് നാടൻ പാട്ടുകൾ, കളികൾ, കളി ഉപകരണങ്ങൾ, കൈവേലകൾ എന്നിവയുടെ നേരനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുക.
* പ്രാദേശികവിദഗ്ധരെ ഉൾപ്പെടുത്തി നാടൻ കലാരൂപങ്ങൾ പരിചയപ്പെടു ത്തുകയും എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തിലൂടെ കുട്ടികളുടെ അവതരണം സംഘടിപ്പിക്കുകയും ചെയ്യുക.
* എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് അവർക്കുള്ള സവിശേഷ കഴിവിനെ പരമാവധി പ്രോത്സാഹിപ്പിച്ച് വികാസം പ്രാപിക്കുവാനുള്ള പഠന ബോധന തന്ത്രങ്ങളും പഠനോപകരണങ്ങളും ആവിഷ്കരിക്കുക.
* ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ സംസ്കാരം അധ്യാപകരിലും സമൂഹത്തിലും എത്തിക്കുക.
* വിദ്യാലയ വർഷാരംഭത്തിൽ തന്നെ ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുകയും അവരുടെ പരിമിതികളുടെ തലം സൂക്ഷ്മമായി തിരിച്ചറിയുകയും ചെയ്യുക.

- പരിമിതികൾ നേരിടുന്ന കുട്ടികൾക്കായി വ്യക്തിഗതമായ അക്കാദമിക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.
- ഭിന്നശേഷിക്കാർക്ക് കൂടി അനുയോജ്യമായ രീതിയിൽ ക്ലാസ്മുറി ഒരുക്കുകയും അനുരൂപീകരണ പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുക.
- സാമൂഹ്യപരമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപെട്ട കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യുക. ട്രൈബൽ വോളണ്ടിയർമാർ. കുടുംബശ്രീ, അയൽക്കൂട്ടം, ക്ലബ്ബുകൾ, പൂർവ്വവിദ്യാർത്ഥി സംഘം എന്നിങ്ങനെ വിവിധ ഏജൻസികളുടെ സേവനം ലഭ്യമാക്കുക.
- വിദഗ്ധരുടെ ക്ലാസുകൾ, ഡോക്യുമെൻററി, ഫിലിംഷോ തുടങ്ങിയവയിലൂടെ ആരോഗ്യസുരക്ഷയുടെ ബോധവൽക്കരണം സാധ്യമാക്കുക.
- പാവനാടകം, തെരുവുനാടകം, കുട്ടികളുടെ രചനകൾ തുടങ്ങിയ വയിലൂടെ റോഡ് സുരക്ഷയുടെ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.
- പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്താണെന്ന ബോധം ജനമനസ്സിൽ ഉണ്ടാക്കിയെടുക്കുക.
- സ്കൂളിൽ കുട്ടികൾ കുറയുന്നതിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുക.
- വിദ്യാലയങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുന്നത് പി.ഇ.സിയുടെ കടമയാണെന്ന് ജനപ്രതിനിധികളെയും സന്നദ്ധ പ്രവർത്തകരെ ബോധ്യപ്പെടുത്തുക.
- വിദ്യാലയത്തിന്റെ ഗുണനിലവാരമികവ് സമൂഹമാധ്യമങ്ങളിലേക്ക് നേരിട്ടെത്തിക്കുക.
- ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കുക.
- ഹരിതകേരളവുമായി ബന്ധപ്പെട്ട പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ആശയം ഫലപ്രാപ്തിയിലെത്തിക്കുക. ടാലൻറ്ലാബ് പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ കഴിവുകൾ പൊതുസമൂഹം തിരിച്ചറിയുന്നതിനും അതുവഴി വിദ്യാലയത്തിലെ

# സ്കൂൾ ചരിത്രം

അതിപുരാതനമായ അയ്യപ്പൻകോവിൽ ശ്രീധർമ്മശാസ്ത്രാക്ഷേത്രവുമായി ബന്ധപെട്ട് ഉരുത്തിരിഞ്ഞുവന്ന സ്ഥലനാമമാണ് അയ്യപ്പൻകോവിൽ. ചരിത്രത്തിലെ താളുകൾ മറിക്കുമ്പോൾ ഈ പ്രദേശങ്ങൾ ഇന്നത്തെ ഉപ്പുതറ പഞ്ചായത്തിന്റെ ഭാഗമായിരുന്നു എന്ന് കാണാം. വളരെ പഴക്കമുള്ള ഒരു കുടിയേറ്റ മേഖലയാണ് മാട്ടുക്കാട്ട. 1948 മുതൽ ഈ പ്രദേശത്ത് ആളുകൾ താമസം തുടങ്ങി. ബഹുമാന്യരായ കുളത്തുങ്കൽ കൊച്ചേട്ടൻ, ആഗസ്തി മണപാട്ട്, ജോസഫ് ആഗസ്തി കണിയാരശേരിയിൽ താഴത്തെടത്ത് അയ്യപ്പൻ നായർ, മത്തായിപാറ കുഞ്ഞുകുട്ടി എന്നിവർ മുൻകൈയെടുത്ത് മട്ടുക്കട്ടയിൽ ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചു. മഴ നനയാതിരിക്കാൻ കാച്ചി മേഞ്ഞും തുടർന്ന് പോതയും, മേച്ചിൽ പുല്ലും, ഓലയും ഉപയോഗിച്ച് നാളുകൾ കഴിഞ്ഞു. ഓടു മേഞ്ഞ കെട്ടിടം അന്ന് ഒരു സ്വപ്നമായിരുന്നു. അന്ന് ഈ സ്കൂളിൽ ഉണ്ടായിരുന്ന ഏക അധ്യാപകനായിരുന്നു ശ്രീ.ടൈറ്റസ് സാർ. തുടർന്ന് 1962-ൽ അയ്യപ്പൻകോവിൽ ഒരു സ്വതന്ത്രപഞ്ചായത്ത് ആയപ്പോൾ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. പെരിയാർ ആവിർഭാവത്തോടെ ഇല്ലാതാകുകയും ഗ്രാമം പകരം മട്ടുക്കട്ട എന്ന പ്രദേശം വികസിച്ചു ഇന്നത്തെ ആയിതീരുകയുമാണ് ഉണ്ടായത്. അക്കാദമിക രംഗങ്ങളിൽ പരിസര പ്രദേശങ്ങളിലെ സ്കൂളിലെ കുട്ടികളെക്കാൾ ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികളാണ് മുൻപന്തിയിൽ ഉള്ളത് എന്ന് തന്നെ ഇവിടുത്തെ അധ്യാപകരുടെ ആത്മസമർപ്പണത്തോടെയുള്ള അധ്യാപനത്തിന് തെളിവാണ്.

നിലവിലെ സ്റ്റാഫ്

| | |
|---|---|
| **ശ്രീമതി റാണി തോമസ് കെ** | **(HM)** |
| **ശ്രീ മനോജ് കുമാർ സി കെ** | **(LPST)** |
| **ശ്രീമതി അഖില എസ്** | **(LPST)** |
| **ശ്രീമതി രമ്യആർ. എൽ** | **(LPST)** |
| **ശ്രീമതി ദീപ പി വി** | **(preprimary teacher)** |
| **ശ്രീമതി ബീന ജോസഫ്** | **(preprimary Helper)** |
| **ശ്രീമതി രമണി ടി കെ** | **(PTCM)** |

ടോളി സ്റ്റാൻലി പാചകക്കാരിയായും സേവനമനുഷ്ഠിക്കുന്നു .വിവിധ ക്ലാസുകളിലെ കുട്ടികൾക്ക് ലഭ്യമാക്കേണ്ട നിർദ്ദിഷ്ട പഠന നേട്ടങ്ങൾക്ക് ഗുണകരമായ പഠന പ്രവർത്തന ആസൂത്രണം ചെയ്യുന്നതിന് അധ്യാപകർ ശ്രദ്ധിക്കുന്നു. വിവിധതരം മത്സരങ്ങൾ ദിനാചരണങ്ങൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു .ആധുനിക വിവര സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കുട്ടികൾക്ക് ക്ലാസുകൾ ലഭ്യമാക്കുന്നതിന് അധ്യാപകർ ട്രെയിനിങ് ലഭിച്ചു .ഒന്ന് മൂന്ന് ക്ലാസുകളിൽ കഴിഞ്ഞ വർഷം ഐസിടിയുടെ പുതിയ പാഠപുസ്തകത്തിന് ട്രെയിനിങ് ലഭിച്ചിരുന്നു. അത് പ്രകാരം ക്ലാസ് റൂമുകളിൽ വൈവിധ്യം മാർന്ന രീതിയിൽ ഐസിടി പ്രവർത്തനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. വിവിധ ക്ലാസുകളിലെ കുട്ടികൾക്കായി ഗണിത വിജയം, വായന ചങ്ങാത്തം ,ധ്വനി ,ഈ ക്യൂബ്,
വായന കളരി തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെയും കുട്ടികളുടെ നിലവാരം ഉയർത്തിവരുന്നു.

## ഗണിതം

മേഖല പ്രശ്നം പരിഹരിക്കുന്നു.

| | കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്ന പരിഹരണം നടത്തുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|
| I | 70 | 20 | 10 |
| II | 60 | 20 | 20 |
| III | 50 | 30 | 20 |
| IV | 50 | 30 | 20 |

## ശാസ്ത്രം

മേഖല: നിരീക്ഷണം

| | സ്വയം നിരീക്ഷിച്ച് കണ്ടെത്തുന്നു | അധ്യാപകന്റെ സഹായത്തോടെ നിരീക്ഷണത്തിൽ ഏർപ്പെടുന്നു | നിരീക്ഷനർത്ഥം നിഗമനത്തിലെത്താൻ ശ്രമിക്കുന്നു |
|---|---|---|---|
| I | 40 | 40 | 20 |
| II | 40 | 30 | 30 |
| III | 50 | 30 | 20 |
| IV | 60 | 30 | 10 |

## ഭാഷ

മേഖല: എഴുത്ത്

| | ശ്രമിച്ച് തെറ്റില്ലാതെ എഴുതാൻ കഴിയുന്നത് | സഹായത്തോടെ മാത്രം എഴുതാൻ കഴിയുന്നത് | ചിഹ്നം, അക്ഷരം എന്നിവയിൽ ശരിക്കും സഹായം ആവശ്യമുള്ളവർ |
|---|---|---|---|
| I | 40 | 40 | 20 |
| II | 40 | 30 | 30 |
| III | 50 | 30 | 20 |
| IV | 70 | 20 | 10 |

## പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ

- വൃത്തിയും ചിത്രങ്ങളുള്ള ചുമരുകളും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്.
- ലിംഗസമത്വം വിളിച്ചോതുന്നതരത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ തരത്തിലുള്ള യൂണിഫോം.
- സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് ജനാധിപത്യപരമായ രീതിയിൽ നടപ്പിലാക്കുന്നു.
- സ്കൂളിൽ കുട്ടികൾക്കാവശ്യമായ പല തരത്തിലുള്ള ധാരാളം പഠനോപകരണങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.
- അധ്യാപക വിദ്യാർത്ഥി ബന്ധം സുദൃഢമാക്കാൻ
    - ഭവനസന്ദർശനം
    - ക്രിസ്തുമസ്, ഓണം തുടങ്ങിയ ആഘോഷങ്ങൾ വിപുലമായി ആഘോഷിക്കുന്നു.
    - അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു.

## മികവുകൾ നേട്ടങ്ങൾ

| നടപ്പുവർഷം |
|---|
| • പിടിഎ യോഗങ്ങൾ<br>• സമ്പൂർണ പ്ലാസ്റ്റിക് മുക്ത വിദ്യാലയം<br>• ഭവനസന്ദർശനം<br>• വിവിധ ഏജൻസികളുടെ മത്സരപരീക്ഷകളിൽ പങ്കാളിത്തം<br>• സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>• ഗണിതവിജയം പ്രത്യേക പരിശീലനം<br>• മലയാളത്തിളക്കം ഗണിതോത്സവം<br>• സ്മാർട്ട് ക്ലാസ്റൂം |

## ഭൗതിക സാഹചര്യങ്ങൾ

നിലവിൽ രണ്ട് സ്കൂൾ ബിൽഡിങ്ങുകളും അടുക്കളയും രണ്ട് ബ്ലോക്ക് അഞ്ച് ക്ലാസുകളും അടങ്ങുന്നതാണ് സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കമ്മറ്റികൾ കൂടി പഞ്ചായത്തിൽ അറിയിക്കുകയും അതിൽ പ്രകാരം ഓഫീസിന്റെ മുൻവശം ഷീറ്റ് ഇട്ട് നൽകുകയും കൂടാതെ ഹാൾ ഉൾപ്പെടുന്ന മുഴുവൻ ക്ലാസ് റൂമുകളും സീലിംഗ് ചെയ്യുകയും ആ ക്ലാസ്സ് റൂമുകൾ ടൈൽ ഇട്ട് നൽകി മനോഹരമാക്കുകയും ചെയ്തു കഴിഞ്ഞ അധ്യയന വർഷത്തിൽ.


## വർണ്ണ കൂടാരം പദ്ധതി

സ്റ്റാർസ് പ്രൈമറി വന്ന കൂടാനം പദ്ധതി പ്രകാരം 10 ലക്ഷം രൂപ ലഭിക്കുകയും സമ്പൂർണ്ണ നവീകരണം വരുത്തുകയും ഉണ്ടായി കുട്ടികളുടെ അക്കാദമിക സർഗാത്മക വികസനത്തിന്റെ ഭാഗമായി വിവിധ ഇടങ്ങൾ രൂപീകരിച്ച പ്രീ പ്രൈമറി വിദ്യാഭ്യാസം ശക്തമാക്കി










സ്റ്റാർസ് പ്രീപ്രൈമറി
ഹരിതോദ്യാനം











## അവസ്ഥ വിശകലനം

ഭൗതികം നിലവിൽ 45 സെന്റ് സ്ഥലസൗകര്യം മാത്രമുള്ള വിദ്യാലയം രണ്ട് കെട്ടിടങ്ങളിലായി നിലകൊള്ളുന്നു .എട്ടു ക്ലാസുകൾ ഉള്ള സൗകര്യവും ഓഫീസറും പ്രധാനകെട്ടിടത്തിലുണ്ട്. അടുക്കളയും കെട്ടിടവും 5 ടോയ്‌ലറ്റും രണ്ട് ബ്ലോക്ക് യൂറിനൽസ് ഉണ്ട് .കുട്ടികൾക്ക് ആവശ്യമായ പ്ലേ ഗ്രൗണ്ട് ഇല്ല എന്നത് ഈ വിദ്യാലയത്തിന്റെ പരിമിതിയായി കാണുന്നു.

## അക്കാദമികം

പ്രീ പ്രൈമറിയിൽ 21 കുട്ടികൾ ഉൾപ്പെടെ 60 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ സവിശേഷ അക്കാദമിക പ്രവർത്തനങ്ങളിലൂടെ ഭൂരിഭാഗം കുട്ടികളെയും പ്രതീക്ഷിത പഠന നേട്ടങ്ങൾ എത്തിക്കാൻ സാധിച്ചിട്ടുണ്ട് .സവിശേഷ കഴിവുള്ള കുട്ടികളെയും പ്രത്യേക അനുരൂപിക്കുന്ന പഠന പ്രവർത്തനങ്ങളിലൂടെ മുന്നിൽ കൊണ്ടുവരാൻ സാധിക്കുന്നുണ്ട് .നിരന്തരം മൂല്യനിർണയത്തിലൂടെയും പരിഹാരബോധധനത്തിലൂടെയും കുട്ടികളുടെ പഠന വളർച്ച ഉറപ്പിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ടത് ഒറ്റനോട്ടത്തിൽ

പതകേളികൾ

വിവിധ മത്സരങ്ങൾ

കത്തെഴുത്ത് ,പത്രിക

ജൈവവൈവിധ്യ ഉദ്യാനം

പച്ചക്കറിത്തോട്ടം

## ഉച്ചഭക്ഷണം

- കുട്ടികൾക്ക് മികച്ചരീതിയിലുള്ള ഭക്ഷണം നൽകുന്നു.
- സ്കൂൾ ജൈവപച്ചക്കറി തോട്ടത്തിൽ നിന്നുമുള്ള വിഷരഹിത പച്ചക്കറി ഉൾപ്പെടുത്തി ഉച്ചഭക്ഷണം നൽകും.

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം : 1

പ്രവർത്തനത്തിന് പേര് : അക്ഷരക്കളരി

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും എഴുത്തും വായനയും അറിയുക | ഓരോ ക്ലാസിലെയും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി എത്തി രാവിലെ 9 മണി മുതൽ പ്രത്യേക പരിശീലനം | എല്ലാ ദിവസവും രാവിലെ | ടീച്ചേഴ്സ് | |

പ്രവർത്തനം : 2

പ്രവർത്തനത്തിന് പേര് : പദശേഖരണ കോശം

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുതിയ പദങ്ങൾ കണ്ടെത്തുക പരിചയപ്പെടുക | കുട്ടികളുടെ നോട്ടുബുക്ക് നൽകി പുതിയ പദങ്ങൾ എഴുതി വരുന്നതിന് നിർദ്ദേശിക്കുന്നു | ദീർഘകാലം | ടീച്ചേഴ്സ്/ രക്ഷിതാക്കൾ | |

പ്രവർത്തനം : 3

പ്രവർത്തനത്തിന് പേര് : പദകേളികൾ

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധതരത്തിലുള്ള അവസരങ്ങൾ ഭാഷ ഉപയോഗിക്കാനുള്ള കഴിവ് നേടുക | ഭാഷ ഉപയോഗിക്കാൻ അവസരമൊരുക്കൽ | എസ്.ആർ.ജിയിൽ തീരുമാനിക്കുന്നത് അനുസരിച്ച് | എസ്.ആർ.ജി /പിടിഎ /ടീച്ചേഴ്സ് /രക്ഷിതാക്കൾ | പിടിഎ |

പ്രവർത്തനം : 4

പ്രവർത്തനത്തിന് പേര് : ആശയഗ്രഹണം

വായന/പുസ്തകം/പത്രം

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി ഉപയോഗത്തിൽ ആക്കുക വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി/ സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വായിച്ച് വിവരണം തയ്യാറാക്കുക | ദീർഘം | ടീച്ചേഴ്സ് /എസ്.ആർ.ജി | എസ്.ആർ.ജി |

പ്രവർത്തനം : 5

പ്രവർത്തനത്തിന് പേര് : കയ്യെഴുത്ത്/കൈയക്ഷരമത്സരം

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി ഉപയോഗത്തിൽ ആക്കുക വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി/ സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വായിച്ച് വിവരണം തയ്യാറാക്കുക | ദീർഘം | എസ്.ആർ.ജി /പിടിഎ /ടീച്ചേഴ്സ് /രക്ഷിതാക്കൾ | എസ്.ആർ.ജി |

പ്രവർത്തനം : 6

പ്രവർത്തനത്തിന് പേര് : പഠനയാത്ര

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനവുമായി ബന്ധപ്പെട്ട് വസ്തുക്കൾ കണ്ടു മനസ്സിലാക്കുന്നതിന് | യൂണിറ്റ് അനുസരിച്ച് തൊഴിലിടങ്ങളും പരിസരവും നിരീക്ഷിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും പഠനം നടത്തുന്നു | മാസത്തിലൊരിക്കൽ | ടീച്ചേഴ്സ് /രക്ഷിതാക്കൾ | രക്ഷിതാക്കൾ |

പ്രവർത്തനം : 7

പ്രവർത്തനത്തിന് പേര് : ദിനം/വാരം/വർഷാചരണങ്ങൾ

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യാവബോധം ഉറപ്പിക്കുന്നതിന് | ദിന/വാരം/മാസം/ വർഷാചരണങ്ങൾ ഉദാ:പരിസ്ഥിതിദിനം ശുചിത്വവാരം തുടങ്ങിയവ | എസ് .ആർ.ജി യിൽ തീരുമാനിക്കുന്നത് അനുസരിച്ച് | ടീച്ചേഴ്സ് | എസ് .ആർ.ജി |

പ്രവർത്തനം : 8

പ്രവർത്തനത്തിന് പേര് : ലാബ് പ്രവർത്തനങ്ങൾ

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവുകൾ നടത്തുന്നതിന് | ലാബ് പ്രവർത്തനങ്ങൾ | പാഠപുസ്തക അനുബന്ധം | ടീച്ചേഴ്സ് | ടീച്ചേഴ്സ് |

പ്രവർത്തനം : 9

പ്രവർത്തനത്തിന് പേര് : ജൈവവൈവിധ്യ ഉദ്യാനം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സസ്യലതാദികൾ പരിചയപ്പെടുക | സ്കൂളുകളിലും വീടുകളിലും മരത്തൈകൾ വച്ചുപിടിപ്പിക്കുക, പരിപാലിക്കുക, ഗുണങ്ങൾ മനസ്സിലാക്കുക | ദീർഘം | എസ് .ആർ.ജി /പിടിഎ /ടീച്ചേഴ്സ് /രക്ഷിതാക്കൾ | പഞ്ചായത്ത് /വിദ്യാഭ്യാസ വകുപ്പ്/എം. എൽ.എ. |

പ്രവർത്തനം : 10

പ്രവർത്തനത്തിന് പേര് : ജൈവപച്ചക്കറിത്തോട്ടം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക | സ്കൂളുകളിലും വീടുകളിലും | ദീർഘം | പിടിഎ /ടീച്ചേഴ്സ് /രക്ഷിതാക്കൾ | കൃഷിഭവൻ/ പി.ടി.എ. |

പ്രവർത്തനം : 11

പ്രവർത്തനത്തിന് പേര് : ശേഖരണങ്ങൾ

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും പ്രകൃതിയുമായി ബന്ധപ്പെട്ട വസ്തുക്കൾ തിരിച്ചറിഞ്ഞ് മനസ്സിലാക്കുക ശേഖരണ മനോഭാവം വളർത്തുക | നാണയങ്ങൾ, തൂവൽ, സ്റ്റാമ്പ്, മണ്ണ്, ഇലകൾ, ചിത്രങ്ങൾ | ദീർഘം | ടീച്ചേഴ്സ് | |

പ്രവർത്തനം : 12

പ്രവർത്തനത്തിന് പേര് : ജൈവവൈവിധ്യ രജിസ്റ്റർ

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സസ്യങ്ങളുടെ വിവരങ്ങൾ അറിയുന്നു | സ്കൂളുകളിലും വീടുകളിലും ഉള്ള സസ്യങ്ങളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നു | ദീർഘം | ടീച്ചേഴ്സ് /രക്ഷിതാക്കൾ | |

പ്രവർത്തനം : 13

പ്രവർത്തനത്തിന് പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ അറിവ് വികസിപ്പിക്കുന്നതിന് | എല്ലാ കുട്ടികൾക്കും വായിക്കാൻ പറ്റുന്ന വിധത്തിൽ ബോർഡ് സ്ഥാപിക്കുകയും ദിവസേനയുള്ള വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു | ദീർഘം | സാമൂഹ്യ ക്ലബ്ബ് | |

പ്രവർത്തനം : 14

പ്രവർത്തനത്തിന് പേര് : ഗണിതലാബ് തയ്യാറാക്കൽ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂർത്ത പഠനത്തിന് സാധ്യതയും അവസരവും | ഗണിത പഠനത്തിന് സഹായിക്കുന്ന ഉപകരണങ്ങൾ തയ്യാറാക്കുന്നു | എസ് .ആർ. ജിയിൽ തീരുമാനിക്കുന്നതനുസരിച്ച് | ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത്. |

പ്രവർത്തനം : 15

പ്രവർത്തനത്തിന് പേര് : ഗണിതോത്സവം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കുന്നതിന് | ഗണിതപ്പാട്ട്, ഗണിത കടങ്കഥകൾ, മോക്ക് ഷോപ്പ് തുടങ്ങിയവ | എസ്. ആർ. ജിയിൽ തീരുമാനിക്കുന്നത് അനുസരിച്ച് | ടീച്ചേഴ്സ് | പി.ടി.എ. |

പ്രവർത്തനം : 16

പ്രവർത്തനത്തിന് പേര് : വിദഗ്ദ്ധ ക്ലാസുകൾ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാവബോധം ഉറപ്പിക്കുന്നതിന് | സെമിനാറുകൾ, ക്യാമ്പുകൾ | മാസത്തിലൊരിക്കൽ | എസ്. ആർ.ജി. | |

പ്രവർത്തനം : 17

പ്രവർത്തനത്തിന് പേര് : ജ്യാമിതീയ രൂപങ്ങൾ/നിർമിതികൾ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ധാരണകൾ ഉറപ്പിക്കുന്നതിന് | ജ്യാമിതീയരൂപങ്ങൾ ഉൾപ്പെടുന്ന നിർമിതികൾ തയ്യാറാക്കൽ | എസ്. ആർ. ജിയിൽ തീരുമാനിക്കുന്നത് അനുസരിച്ച് | എസ്. ആർ.ജി. | |

പ്രവർത്തനം : 18

പ്രവർത്തനത്തിന് പേര് : അളവുകളും തോതുകളും

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാ വബോധം ഉറപ്പിക്കുന്നതിന് | വിവിധ അളവുകളും തോതുകളും ഉൾപ്പെടുന്ന രൂപങ്ങളും മാതൃകകളും ഉണ്ടാക്കുന്നു | എസ്. ആർ. ജിയിൽ തീരുമാനി ക്കുന്നത് അനുസരിച്ച് | ടീച്ചേഴ്സ് | പി.ടി.എ. |

പ്രവർത്തനം : 19

പ്രവർത്തനത്തിന് പേര് : ഒറിഗാമി ശിൽപ്പശാല

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാ വബോധം ഉറപ്പിക്കുന്നതിന് | ഗണിത ശേഷികൾ വികസിപ്പിക്കുന്ന തിനും പഠനം രസകരമാക്കാൻ അതിനു പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ആവശ്യാനു സരണം | ടീച്ചേഴ്സ് | പി.ടി.എ./ ടീച്ചേഴ്സ് |

Activity : 1

Name of Activity : One day one proverb

Sub zone : English

| Target | Activity | Period | Duty | Economic Analysis |
|---|---|---|---|---|
| Improve the language efficiency | Each day one proverb will be teach in assembly | Daily | Teachers | |

Activity : 2

Name of Activity : English Assembly

Sub zone : English

| Target | Activity | Period | Duty | Economic Analysis |
|---|---|---|---|---|
| Built up interest of children in English | Prayer, Pledge, News Reading and all other programs in English | Alternate Days English assembly will conduct in 9:30 a.m. | Teachers | |

Activity : 3

Name of Activity : English News Board/Notice

Sub zone : English

| Target | Activity | Period | Duty | Economic Analysis |
|---|---|---|---|---|
| Improve communicate English | Add daily News in bulletin board | Daily | Teachers | PTA |

Activity : 4

Name of Activity : Competitions (Hand writing and English Reading)

Sub zone : English

| Target | Activity | Period | Duty | Economic Analysis |
|---|---|---|---|---|
| Improve the language efficiency | Competitions Spelling and Reading | Monthly | SRG | |

# പ്രീ-പ്രൈമറി

പ്രവർത്തനം : 1

പ്രവർത്തനത്തിന് പേര് : ആർട്സ് ഫെസ്റ്റ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ വളർച്ച വികാസ മേഖലകൾ പുഷ്ടിപ്പെടുത്തുന്നതിന് | കുട്ടികൾക്ക് കലാ-കായിക പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണം | ടീച്ചേഴ്സ് | പി.ടി.എ./ ടീച്ചേഴ്സ് |

പ്രവർത്തനം : 2

പ്രവർത്തനത്തിന് പേര് : അക്ഷര ചിത്രം നിർമാണം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷ വികാസത്തിന് | ചിത്രം വായനയിൽ നിന്നും അക്ഷരങ്ങൾ തിരിച്ചറിയുന്നു | ആവശ്യാനുസരണം | ടീച്ചേഴ്സ് | പി.ടി.എ./ ടീച്ചേഴ്സ് |

പ്രവർത്തനം : 3

പ്രവർത്തനത്തിന് പേര് : പെയിന്റിംഗ് ഫെസ്റ്റ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗവാസന ഉണർത്തുന്നതിന് | ചിത്രങ്ങൾക്ക് നിറം നൽകൽ | | ടീച്ചേഴ്സ് | പി.ടി.എ./ ടീച്ചേഴ്സ് |

പ്രവർത്തനം : 4

പ്രവർത്തനത്തിന് പേര് : ക്യാപ്പിംഗ്, ഉൽപ്പന്നപ്രദർശനം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക വികാസം സാധ്യമാകുന്നതിന് | കുട്ടികൾക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | ടീച്ചേഴ്സ് | പി.ടി.എ./ ടീച്ചേഴ്സ് |

## ദർശനം

"നല്ല വിദ്യാലയം നമ്മുടെ വിദ്യാലയം" എന്ന ആപ്തവാക്യത്തിലൂന്നി നിന്നുകൊണ്ട് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നാട്ടിലെ മുഴുവൻ കുട്ടികൾക്കും നൽകുന്ന സ്ഥാപനമായി മാറുക.

## മോണിട്ടറിംഗ്

അയ്യപ്പൻകോവിൽ ഗവ:എൽ.പി സ്കൂളിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ എസ്.എൻ.സി, എസ്.ആർ.ജി, പഞ്ചായത്ത്, വിദ്യാഭ്യാസവകുപ്പ് എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള മോണിട്ടറിംഗ് ആവശ്യമാണ്.

## ഉപസംഹാരം

അയ്യപ്പൻകോവിൽ പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും പൊതുവിദ്യാലയ പ്രവേശനം ഉറപ്പാക്കി മികച്ച അധ്യയനം നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യവും ഉത്തരവാദിത്വവും. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി സമഗ്രവികസനം ഉറപ്പാക്കി നാടിൻറെ വികസനം ഉറപ്പിക്കാം. ശിശുസൗഹൃദവും കാലോചിതവുമായ പഠന പ്രക്രിയകളിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കുന്നതിന് ഇത്തരം അതിന് ഇത്തരം അക്കാദമിക മാസ്റ്റർപ്ലാനിംഗിലൂടെ ഉൾക്കാഴ്ച ലഭിക്കും. നമ്മൾ സ്വപ്നം കാണുന്ന യഥാർത്ഥ വികസനത്തിനായി നാം ഒത്തൊരുമിക്കണം. "നല്ല വിദ്യാലയം നമ്മുടെ വിദ്യാലയം" എന്ന നമ്മുടെ ദർശനം സാക്ഷാത്കരിക്കുന്നതിനും നമ്മുടെ വിദ്യാർഥികൾ ജീവിതവിജയം കൈവരിക്കുന്നതിനും കഴിവുറ്റ അധ്യാപകരോടൊപ്പം തുടർന്നും നല്ലനാടുമുണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എല്ലാവർക്കും നന്ദി.....